# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

11.02.2016- ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1246

### കയർ മേഖലയുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീ.വി.ശശി<br>ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |

| | |
|---|---|
| എ) എത്ര തൊഴിലാളികൾ കയർ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ ; | എ) കയർമേഖലയിൽ 3.75 ലക്ഷത്തോളം തൊഴിലാളികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇതിൽ സഹകരണ മേഖലയിൽ ഏകദേശം 90000 ത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. സഹകരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളേക്കാൾ കൂടുതൽ പേർ സ്വകാര്യമേഖലയിൽ പണിയെടുക്കുന്നുണ്ട്. ഇവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. |
| ബി)കുറഞ്ഞ കൂലി നിരക്കും അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യവും, തൊഴിലാളികളുടെ മോശമായ സാമൂഹിക സാമ്പത്തിക സ്ഥിതിയും കയർ വ്യവസായത്തെ മൊത്തത്തിൽ പിന്നോട്ടടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കയർ മേഖലയെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | ബി) തൊഴിലാളികളുടെ കൂലി പരിഷ്ക്കരിച്ചുകൊണ്ടുള്ള നടപടികൾ ഉണ്ടായിട്ടുണ്ട്. കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് 300/-രൂപയും ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് 500/- രൂപയും കൂലി നിശ്ചയിച്ചിട്ടുണ്ട്. കയർ മേഖലയിലെ ചകിരി ക്ഷാമം കയർ വ്യവസായത്തിൽ പ്രതികൂലമായ വസ്തുതയാണെന്ന വിലയിരുത്തലിന്റെ ഭാഗമായിട്ടാണ് ചകിരി സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുവാൻ ഉതകുമാറ് "തൊണ്ടു സംഭരണവും ചകിരി ഉൽപ്പാദനവും " എന്ന പുതിയ പദ്ധതി സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. കയർ മേഖലയെ സംരക്ഷിക്കുന്നതിന് താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു,<br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൌകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br>3. . കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാ ന വിഹിതം) (എംഡിഎ) നല്കി വരുന്നു.<br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജ്ജിൻ മണി വായ്പ നൽകുന്നു.<br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകിവരുന്നു.<br>6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.<br>7. ഉത്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.<br>8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകിവരുന്നു.<br>9. കയർ മേഖലയിൽ ക്ളസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br>10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br>11. കയർജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.<br>12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br>13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| സി) കയർ തൊഴിലാളികൾക്കായുള്ള ഇൻകം-സപ്പോർട്ട് സ്കീം ഇപ്പോൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സ്കീമിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ? | സി) ഇൻകം-സപ്പോർട്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. കയർ മേഖലയിലെ തൊഴിലാളികൾക്ക് 'അവരുടെ തൊഴിൽ ദിനങ്ങൾക്കനുസരിച്ച് ന്യായമായ കൂലി ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി നടപ്പിൽ വരുത്തിയത്. |

സെക്ഷൻ ഓഫീസർ